DESPATCHED
On. 24/3/22.

4/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 648*(2)/2021*/*എസ്.ഐ.സി***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **6494**/*എസ്.ഐ.സി-ജി 6/21*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.ഐ.രവീന്ദ്രൻ,
ആർ.എസ്.ഭവൻ,
മാന്തറ, മാമ്പഴക്കര,
പെരുമ്പഴുതൂർ പി.ഒ. } അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
   സെക്രട്ടറി,
   നെയ്യാറ്റിൻകര നഗരസഭ,
   നഗരസഭാ ഓഫീസ്, നെയ്യാറ്റിൻകര,
   പിൻ – 695 121.

2. അപ്പീൽ അധികാരി&
   സെക്രട്ടറി,
   നെയ്യാറ്റിൻകര നഗരസഭ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 19.02.2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 10.03.2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 03.05. 2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 31.05. 2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 24.06.2021 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 24.06.2021 |
| ഹിയറിംഗ് നടന്ന തീയതി | 03.03.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

<u>ഉത്തരവ്</u>

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും അപൂർണ്ണമായ മറുപടിയാണ് ലഭ്യമാക്കിയതെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 19.02.2021ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) പെരുമ്പഴുതൂർ വില്ലേജിൽ ബ്ളോക്ക് 24ൽ 177/4 എന്ന നമ്പരിൽ ടിയാന് 7 ½ സെന്റ് വസ്തുവുണ്ടെന്നും 2007 മുതൽ ടിയാന്റെ വസ്തു കയ്യേറിയതിന് നഗരസഭ 15 കേസുകൾ എടുത്തിട്ടുള്ളതാണെന്നും കേസിന്റെ നമ്പരും വിവരങ്ങളും അറിയാൻ മുൻ അപേക്ഷകളുടെ കോപ്പികൾ ഹാജരാക്കുന്നുവെന്നും നാളിതുവരെയുള്ള നടപടികളുടെ കോപ്പികൾ നൽകണമെന്നാണ്.

2) നഗരസഭാ ബിൽഡിംഗ് ഇൻസ്പെക്ടർ ലോറൻസ് സാർ 18.02.2021ൽ ടിയാനോട് വാക്കാൽ പറഞ്ഞത് വീടില്ലാത്തവർക്ക് കോടതിയിൽ കേസ് ഉണ്ടെങ്കിലും ശരിയായ രേഖകൾ ഇല്ലെങ്കിലും അനുമതി നൽകണമെന്ന് കളക്ടറുടെ ഉത്തരവ് ഉണ്ടെന്നാണ്. ആയതിന്റെ പകർപ്പു നൽകണമെന്നും കൂടാതെ ടി ഉദ്യോഗസ്ഥന്റെ പേരും വിലാസവും നൽകണമെന്നുമാണ്.

3) ടി ഓഫീസിലെ ഓവർസീയർ, മാമ്പഴക്കര വാർഡ് ഉൾപ്പെടെയുള്ള പ്രദേശത്തിന്റെ ചുമതലയുള്ള ജിൻസി, ടിയാളുടെ പേരും മേൽ വിലാസവും നൽകണമെന്നും

4) ടിയാന്റെ വസ്തു കയ്യേറി നിർമ്മാണ അനുമതി കൊടുത്ത നഗരസഭയിലെ മറ്റു ഉദ്യോഗസ്ഥരുടെ പേരും വിലാസവും പൂർണ്ണമായി നൽകണമെന്നും

5) പെരുമ്പഴുതൂർ വില്ലേജിൽ ബ്ലോക്ക് 24ൽ 177/4 എന്ന വസ്തുവിനു ചുറ്റും നിർമ്മാണ അനുമതി നൽകിയ പെർമിറ്റിന്റെ പകർപ്പുകൾ നൽകണമെന്നും തുടങ്ങി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ആയതിന് 10.03.2021ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്,

1) E1/10742/14, E1/24802/15, E1 24803/15, E1/24804/15, E1/17756/16, E1/9027/16, E1/20773/16, E1/3219//17 എന്നീ അപേക്ഷകളുടെ പകർപ്പിന് 16/- രൂപ നഗരസഭാ ട്രഷറിയിൽ ഒടുക്കേണ്ടതാണെന്നും E1/7877/2008,E1/8422/2008,E1/20874/16,E1/26992/2015,E1/10305/14 എന്നീ അപേക്ഷകൾ കണ്ടെത്താൻ കഴിഞ്ഞില്ലെന്നും കണ്ടെത്തുന്ന മുറയ്ക്ക് പകർപ്പ് നൽകുന്നതാണെന്നുമാണ്.

2) പകർപ്പിന് 14/- രൂപ (7 ഷീറ്റ്) നഗരസഭാ ട്രഷറിയിൽ ഒടുക്കേണ്ടതാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, എൻ.ലോറൻസ്, അസിസ്റ്റന്റ് എഞ്ചിനീയർ, നെയ്യാറ്റിൻകര നഗരസഭ,

3) ശ്രീമതി ജിൻസി പി.വി., രണ്ടാംതരം ഓവർസീയർ, നെയ്യാറ്റിൻകര നഗരസഭ,

4) ടിയാന്റെ വസ്തുവിൽ കയ്യേറി നഗരസഭ നിർമ്മാണാനുമതി നൽകിയിട്ടില്ലെന്നും

5) സർവ്വെ നമ്പരിന്റെ അടിസ്ഥാനത്തിൽ നിർമ്മാണാനുമതിയുടെ കോപ്പികൾ നൽകാൻ കഴിയില്ലെന്നും പെർമിറ്റ് നമ്പരോ/ഫയൽ നമ്പരോ/പെർമിറ്റ് വാങ്ങിയ ഉടമസ്ഥന്റെ പേരോ(കാലയളവ് ഉൾപ്പെടെ) നൽകുന്ന മുറയ്ക്ക് നൽകുന്നതായിരിക്കുമെന്നും

6) ആനുകൂല്യങ്ങൾ നൽകിയത് സംബന്ധിച്ച് രേഖകൾക്ക് പ്രോജക്ട് സെക്ഷനുമായി ബന്ധപ്പെടാവുന്നതാണ് എന്നുമാണ് അറിയിച്ചത്.

ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 31.05.2021ന് നൽകിയ മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്, ഹർജിക്കാരന്റെ 04.05.2021ലെ അപേക്ഷയ്ക്ക് 22.04.2021, 26.03.2021, 29.04.2021 എന്നീ തീയതികളിൽ മറുപടി നൽകിയിട്ടുള്ളതാണെന്നും ആയതിനാൽ 04.05.2021ലെ അപ്പീൽ ഹർജി തീർപ്പാക്കിയെന്നുമാണ്.

3. ഒന്നാം എതിർകക്ഷി 24.09.2021ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്,

1) ടിയാന്റെ 19.02.2021ലെ ഇ1/3253/2021 നമ്പർ പ്രകാരമുള്ള ചോദ്യത്തിനുള്ള മറുപടി 10.03.2021ന് ടി ഓഫീസിൽ നിന്നും അയച്ചിട്ടുള്ളതാണെന്നും പകർപ്പ് ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്.

2) ഹർജിക്കാരന്റെ 01.03.2021ലെ ഇ1/4398/2021 നമ്പർ ചോദ്യത്തിനുള്ള മറുപടി ടി ഓഫീസിൽ നിന്നും 26.03.2021ന് അയച്ചിട്ടുള്ളതാണെന്നും ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നുവെന്നാണ്.

3) ടിയാന്റെ 03.04.2021ലെ ഇ1/ഇ4/7754/2021 പ്രകാരമുള്ള ചോദ്യത്തിനുള്ള മറുപടി 29.04.2021ന് ടി ഓഫീസിൽ നിന്നും അയച്ചിട്ടുള്ളതാണെന്നും പകർപ്പ് ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന ചോദ്യങ്ങൾക്ക് പൂർണ്ണമായ വിവരങ്ങൾ നൽകിയില്ലെന്നും ബാക്കിയുള്ളവ ലഭ്യമാക്കണമെന്നുമാണ്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിലെ ഒന്നാമത്തെ ചോദ്യത്തിന് മറുപടി നൽകുന്നതിനായി ഓഫീസ് ഉത്തരവു പ്രകാരം ഒരു ടീം രൂപീകരിച്ച് തെരഞ്ഞ് കണ്ടെത്തി ഒരാഴ്ചയ്ക്കകം ഹർജിക്കാരന് നൽകണമെന്നും 6–ാം ഇനം സംബന്ധിച്ച വിവരവും ഒരാഴ്ചയ്ക്കകം നൽകണമെന്നും ഒന്നാം എതിർകക്ഷിയ്ക്ക് കമ്മീഷൻ നിർദ്ദേശം നൽകുന്നു.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 മാർച്ച് 04–ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/